ബന്ധപ്പെടാം. ഇതുസംബന്ധിച്ച് പ്രായോഗികമായിട്ട് എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ഞാൻ അടിയന്തിരമായിട്ട് ബന്ധപ്പെടുന്നതാണ്.

(8) തിരുവനന്തപുരം നഗരത്തിലെ റോഡുവക്കിലും പുറമ്പോക്കുകളിലും നിന്ന് ഒഴിപ്പിക്കപ്പെട്ട ബങ്കു കടക്കാരുടെ പുനരധിവാസം

ശ്രീ. ബി. വിജയകുമാർ : സർ, കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് തിരുവനന്തപുരം നഗരത്തിൽ ഫുട്പാത്തുകളിൽ ആളുകൾക്ക് സഞ്ചരിക്കാൻ കഴിയാതെ വച്ചിരുന്ന ബങ്കുകൾ നീക്കം ചെയ്യുകയുണ്ടായി. അതുപോലെതന്നെ പുറമ്പോക്കുകളിൽ അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി, മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ.കെ. ആന്റണിയുടെ കാലത്ത് കിഴക്കേകോട്ട കെ.എസ്. ആർ.ടി.സി.യുടെ അൻപത് സെന്റ് സ്ഥലം കൊടുക്കാമെന്ന് അന്ന് ഗവണ്മെന്റ് തീരുമാനമെടുത്തു. ആ പുനരധിവാസ ഏജൻസി കെ.എസ്.ആർ.ടി.സി. വേണമെന്ന് കെ.എസ്.ആർ.ടി.സി.യും കോർപ്പറേഷൻ വേണമെന്ന് കോർപ്പറേഷനും തർക്കമുന്നയിച്ചു, ആ തർക്കം നിലവിലിരിക്കെത്തന്നെ പുതിയ ഗവണ്മെന്റ് വന്നു. തർക്കത്തെത്തുടർന്ന് രണ്ടു കൂട്ടരെയും പുനരധിവസിപ്പിക്കാൻ ഒരു നടപടിയും എടുത്തില്ല. ഗവണ്മെന്റ് ഏത് ഏജൻസി പുനരധിവസിക്കണമെന്ന് തീരുമാനമെടുക്കുകയും ചെയ്തില്ല. അതോടൊപ്പം ഓവർബ്രിഡ്ജ് മുതൽ പഴവങ്ങാടി വരെ ആറുവരിപാതയുടെ നിർമ്മാണവും നടത്തി. അവിടിരുന്ന കടക്കാരേയും ഒഴിപ്പിച്ചു. ആ ഒഴിപ്പിച്ചതിൽ സ്വന്തമായി ഭൂമിയില്ലാത്ത വാടകക്കാരായുള്ളവരും ഉണ്ടായിരുന്നു. കച്ചവടക്കാർക്ക് പുനരധിവാസം കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ, ഞങ്ങൾ ഉൾപ്പെടെ എല്ലാപേരും ഇരുന്നു ചർച്ചചെയ്ത് തീരുമാനമെടുത്തതാണ്. പക്ഷേ ഈ ഓവർബ്രിഡ്ജ് ആറുവരിപ്പാതയായതിന്റെ ഫലമായി ഒഴിപ്പിച്ച പഴയ ബങ്ക് കടക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു നടപടിയും ഇതേവരെ സ്വീകരിച്ചില്ല. ഗവണ്മെന്റ് അടിയന്തിരമായി ഒരു തീരുമാനമെടുത്ത് അവരെ പുനരധിവസിപ്പിക്കുന്നതിന്, ഇത് ഒരു പ്രത്യേക കേസ് ആയിട്ട് എടുത്ത് നമ്മൾ ഇതു ചെയ്യാം എന്നു തീരുമാനിച്ചതുപ്രകാരം, അതുപോലെതന്നെ കെ.എസ്.ആർ.ടി.സി. സമ്മതിച്ച സ്ഥലം ഇവരെ പുനരധിവസിപ്പിക്കാൻ വിട്ടുകൊടുത്തുകൊണ്ട്, നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ വിഷയം പലവട്ടം ഉന്നയിച്ചിട്ടുള്ളതാണ്. ഇതിന് പകരമുള്ള സ്ഥലത്തെ സംബന്ധിച്ച് പല ഓപ്ഷൻസും ഉണ്ടായിരുന്നു. അവസാനം തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. ട്രിഡയും കോർപ്പറേഷനുമായി ബന്ധപ്പെട്ടാണ് തീരുമാനമെടുക്കേണ്ടത്. അതേപ്പറ്റി ഇനിയും കൂടുതലായിട്ട് ചർച്ചകൾ നടത്തുന്നതാണ്.

(9) അടൂർ എൻജിനീയറിംഗ് കോളേജിൽ പോസ്റ്റ് ഗ്രാഡുവേഷൻ കോഴ്സ് ആരംഭിക്കേണ്ടതു സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 1995-ൽ ആരംഭിച്ച അടൂർ എൻജിനീയറിംഗ് കോളേജ് അതിന്റെ ആദ്യത്തെ ബാച്ച് കാലാവധി പൂർത്തിയാക്കി ഇപ്പോൾ പുറത്തേക്കു വരികയാണ്. ആ കോളേജിൽ ഇപ്പോൾ കമ്പ്യൂട്ട

LIBRARY ARCHIVES Kerala Legislative Assembly

റിന്റെയും ഇലക്ട്രോണിക്സിന്റെയും മെക്കാനിക്കൽ ബ്രാഞ്ച് മൂന്നു ബാച്ചുകൾ നടക്കുന്നുണ്ട്. അവിടെ ഇപ്പോൾ പോസ്റ്റ് ഗ്രാഡുവേഷൻ കോഴ്സുകൾ തുടങ്ങുന്നതിനുവേണ്ടിയുള്ള സംവിധാനത്തെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കണം. അതിന്റെ തുടർവിദ്യാഭ്യാസം ഉണ്ടെന്നുവരികിൽ മാത്രമേ ആ കോളേജിൽ വീണ്ടും പുരോഗതിയുണ്ടാകൂ. കൂടാതെ ആ കോളേജിന് കുറെ സൗകര്യങ്ങൾ കൂടി വർദ്ധിപ്പിച്ചുകൊടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഈ കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണി ഭാഗികമായി തീർന്നിരിക്കുകയാണ്. ആ പണി പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടിയുണ്ടാകണം. ഈ പുതിയ സാഹചര്യത്തിൽ പോസ്റ്റ് ഗ്രാഡുവേഷൻ കോഴ്സ് ആരംഭിക്കത്തക്കവിധത്തിലുള്ള നല്ല സ്റ്റാഫിനെ വയ്ക്കുന്നതിനുവേണ്ടിയുള്ള സംവിധാനത്തെക്കുറിച്ചും ഗവണ്മെന്റ് ആലോചിക്കണം. ഈ കോളേജിന്റെ പ്രവർത്തനം തൃപ്തികരമായി കൊണ്ടുപോകേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഐ.എച്ച്.ആർ.ഡി.യും മറ്റ് ബന്ധപ്പെട്ട ആളുകളുമായി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഇതിന് ഒരു പരിഹാരം നിർദ്ദേശിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ആവശ്യമായ കെട്ടിടങ്ങളുടെ പണി ഇനിയും പൂർത്തിയാക്കേണ്ടതായിട്ടാണിരിക്കുന്നത്. താരതമ്യേന വേഗത്തിലാണ് ഐ.എച്ച്.ആർ.ഡി.യുടെ കെട്ടിടങ്ങൾ തീരുന്നത്. കണ്ണൂർ എൻജിനീയറിംഗ് കോളേജിന്റെ പണി എത്ര വർഷം മുമ്പ് തുടങ്ങിയതാണ്. ഈ വർഷമാണ് അതിന്റെ ബ്ലോക്ക് ഉദ്ഘാടനം ചെയ്തത്. പുതുപ്പള്ളിയിലെ കെട്ടിടം ഉദ്ഘാടനം ചെയ്യാൻ പോകുന്നതേയുള്ളൂ. കുറച്ചു സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ട്. പോസ്റ്റു ഗ്രാഡുവേഷൻ കോഴ്സ് തുടങ്ങണമെങ്കിൽ അതിനുള്ള ഫെസിലിറ്റീസ് ഉണ്ടാകണം. പരമാവധി ആ കോളേജിന്റെ വികസനത്തിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്.

(10) തിരുവേപ്പതി മിൽ തുറപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. ടി.കെ. ബാലൻ : സർ, കണ്ണൂരിലെ തിരുവേപ്പതി മിൽ മാനേജുമെന്റ് ഏകപക്ഷീയമായി അടച്ചിട്ടിട്ട് 20 മാസക്കാലം കഴിഞ്ഞു. നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുള്ള ഈ ലോക്കൗട്ട് നൂറുകണക്കിന് തൊഴിലാളികളെ തെരുവാധാരമാക്കിയിരിക്കുകയാണ്. അടിയന്തിരമായി ഇതു തുറപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഇതേ നിയമസഭയിൽത്തന്നെ ബഹുമാനപ്പെട്ട ശ്രീ. സുധാകരനും ബഹുമാനപ്പെട്ട ഗോവിന്ദൻമാസ്റ്ററും ഈ പ്രശ്നം മുമ്പ് ഉന്നയിച്ചിട്ടുള്ളതാണ്. അതിന് അടിയന്തിരമായ നടപടിയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, കണ്ണൂർ ജില്ലയിലെ തിരുവേപ്പതി മിൽ എന്ന സ്ഥാപനം 16-2-1998 മുതൽ ലേ ഓഫ് ചെയ്തിരിക്കുകയാണ്. പ്രശ്നം പരിഹരിക്കുന്നതിന് 21-4-1998-ൽ തിരുവനന്തപുരം അഡീഷണൽ ലേബർ കമ്മിഷണർ വിളിച്ചുകൂട്ടിയ യോഗത്തിൽ 20-5-1998 മുതൽ ഈ സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കാമെന്ന് മാനേജ്മെന്റ് സമ്മതിച്ചിരുന്നു. എന്നാൽ പ്രവർത്തന മൂലധനം ലഭ്യമാക്കാത്തതിനാൽ 21-4-1998-ലെ യോഗതീരുമാനപ്രകാരം പ്രസ്തുത സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല എന്ന് മാനേജുമെന്റ് അറിയിച്ചു. പ്രസ്തുത സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് തൊഴിൽവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly